ധനം
BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

## ബിസിനസ് പ്രായോഗിക സാധ്യതാ പഠനം- ഭാഗം 6

# ഹോസ്പിറ്റലിന്റെ നടത്തിപ്പ് എങ്ങനെ?

**പുതിയ ബിസിനസ് ആശയം ലാഭകരമാകുമോ നിലനിൽക്കുമോ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കാൻ സംരംഭകർക്ക് പ്രായോഗിക സാധ്യതാ പഠനം പ്രയോജനപ്പെടുത്താം**




പ്രായോഗിക സാധ്യതാ പഠനത്തിന്റെ രീതിശാസ്ത്രത്തെ കുറിച്ചാണ് മുൻ ലക്കങ്ങളിൽ വിശദമാക്കിയിരുന്നത്. (ചിത്രം ഒന്ന്)

*Figure 1: Practical Feasibility Study Methodology*




പുതിയ ഹോസ്പിറ്റൽ നിർമിക്കാനൊരുങ്ങുന്ന കേരളത്തിലെ ഒരു ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ഉദാഹരണം കഴിഞ്ഞ ലക്കത്തിൽ പരിശോധിച്ചിരുന്നു. മധ്യകേരളത്തിൽ 500 കിടക്കകളുള്ള ഹോസ്പിറ്റൽ വിജയകരമായി നടത്തി വരുന്ന ട്രസ്റ്റ്, വിപുലീകരണത്തിന്റെ ഭാഗമായാണ് തൊട്ടടുത്ത പട്ടണത്തിൽ പുതിയ ഹോസ്പിറ്റൽ നിർമിക്കാൻ പദ്ധതിയിട്ടത്. 500 കിടക്കകളുള്ള പുതിയൊരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമിക്കുക, 50 കിടക്കകളുള്ള ഫീഡർ ഹോസ്പിറ്റൽ നിർമിക്കുക, 50 കിടക്കകളുള്ള ഫീഡർ ഹോസ്പിറ്റൽ വാങ്ങുക, ഹോസ്പിറ്റൽ വാടകയ്ക്ക് എടുക്കുക തുടങ്ങിയവയാണ് മുന്നിലുള്ള വഴികൾ. പ്രീമിയം കസ്റ്റമർ വിഭാഗം, സേവനത്തിന്റെ മൂല്യം മാത്രം പരിഗണിക്കുന്നവർ, ചെലവു കുറഞ്ഞ ചികിത്സ തിരഞ്ഞെടുക്കുന്നവർ തുടങ്ങി ഏത് തരം ഉപയോക്താക്കളെയാണ് ലക്ഷ്യമിടേണ്ടത് എന്നും ഹോസ്പിറ്റലിന് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഹോസ്പിറ്റൽ നിർമാണത്തിന് ആവശ്യമായ 50 കോടി രൂപ സ്വന്തം ഫണ്ടിൽ നിന്ന് എടുക്കാനും ബാങ്ക് വായ്പയെ ആശ്രയിക്കാനും കഴിയും. ഈ സാഹചര്യത്തിൽ ഈ ബിസിനസ് ആശയം വിലയിരുത്താനായി പ്രായോഗിക സാധ്യതാ പഠനം നടത്താനാണ് ഹോസ്പിറ്റൽ തീരുമാനിച്ചത്.

സവിശേഷമായ ബിസിനസ് മാതൃകയെ കുറിച്ച് മുൻ ലക്കത്തിൽ വിശദമാക്കിയിരുന്നു. ഈ ലക്കത്തിൽ പ്രാരംഭ നടത്തിപ്പിനെ (Pilot Implementation ) കുറിച്ചും പൂർണ സജ്ജമായ പ്രവർത്തനത്തെ (Full Scale Rollout) കുറിച്ചുമാണ് വിശദമാക്കുന്നത്.

### പ്രാരംഭ നടത്തിപ്പ്

നിലവിലുള്ള ഹോസ്പിറ്റലിന്റെ ഫീഡർ ഹോസ്പിറ്റലായി പ്രവർത്തിപ്പിക്കുന്നതിന് 50 കിടക്കകളുള്ള ഹോസ്പിറ്റൽ 20 വർഷത്തേക്ക് പാട്ടത്തിനെടുത്തു.

നാല് വർഷത്തിനുള്ളിൽ ആവശ്യമെങ്കിൽ പാട്ടക്കരാർ റദ്ദാക്കാൻ കഴിയുന്ന ഉപാധി കരാറിൽ ഉൾക്കൊള്ളിച്ചു.

പുതിയ ഹോസ്പിറ്റൽ പുതുക്കുകയും മുൻകൂട്ടി കണക്കാക്കിയിരുന്നതു പോലെ തുടക്കത്തിലെ നഷ്ടം ഉൾപ്പെടെ ഏകദേശം അഞ്ച് കോടി രൂപ ചെലവിൽ ഹോസ്പിറ്റൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

പുതിയ ഹോസ്പിറ്റലിന്റെ പ്രകടനം ചാരിറ്റബ്ൾ ട്രസ്റ്റ് വിലയിരുത്തുകയും വിജയകരമാണെന്ന് കണ്ട് നാലു വർഷത്തിനു ശേഷവും പ്രവർത്തനം തുടരാനും തീരുമാനിച്ചു.

### പൂർണ സജ്ജമായ പ്രവർത്തനം

ഹോസ്പിറ്റലിന്റെ ഫീഡർ മേഖലയിൽ അടുത്ത ഏതാനും വർഷങ്ങളായി ചാരിറ്റബ്ൾ ട്രസ്റ്റ് കൂടുതൽ ഫീഡർ ഹോസ്പിറ്റലുകളെയും പോളി ക്ലിനിക്കുകളെയും പാട്ടത്തിനെടുക്കുകയും അതിനായി സ്വന്തം ഫണ്ട് വിനിയോഗിക്കുകയും ചെയ്തു. സവിശേഷമായ ബിസിനസ് മാതൃകയുമായി ബന്ധപ്പെട്ട് നേരത്തേ ചർച്ച ചെയ്തിരുന്നതുപോലെ വായ്പകളെ പൂർണമായും ഒഴിവാക്കുകയും ചെയ്തു.

താങ്ങാവുന്ന ചെലവിൽ നിലവാരമുള്ള ചികിത്സ ലഭ്യമാക്കി കൂടുതൽ രോഗികളെ ആകർഷിച്ച് ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റൽ വളർന്നു. പ്രത്യേകിച്ചും കേരളത്തിന്റെ സാമ്പത്തിക സ്ഥിതി താഴോട്ട് പോയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ.

പുതിയ ബിസിനസ് ആശയം ലാഭകരമാകുമോ, നിലനിൽക്കുമോ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കാൻ സംരംഭകർക്ക് ഈ പ്രായോഗിക സാധ്യതാ പഠനം (Practical Feasibility Study) പ്രയോജനപ്പെടുത്താനാകും. മറിച്ച് സ്റ്റാൻഡേർഡ് ഫീസിബിലിറ്റി സ്റ്റഡീസിനെ ആണ് ആശ്രയിക്കുന്നതെങ്കിൽ പ്രായോഗികമല്ലെന്നതും കൂടുതലായി തിയറിയെ ആശ്രയിക്കുന്നുവെന്നതും പൂർത്തിയാക്കാൻ കൂടുതൽ സമയമെടുക്കുന്നു എന്നതും പോരായ്മയാണ്. ■




